# മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
# വാളകം



## സ്കൂൾ വിവരങ്ങൾ

1.റവന്യൂ ജില്ല : എറണാകുളം

2.സ്കൂൾ കോഡ് : 28048

3.സ്കൂളിന്റെ പേര് : മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ,വാളകം

4.മേൽ വിലാസം :മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ,വാളകം

5.പിൻകോഡ് :682316

6:ഇ മെയിൽ അഡ്രസ്സ് :msvhssvalakom28048@gmail.com

7.ഗ്രാമ പഞ്ചായത്ത് : valakom

8.വിദ്യാഭ്യസ ജില്ല :മൂവാറ്റുപുഴ

9 സബ്ജില്ല :മൂവാറ്റുപുഴ

10. ക്ലാസുകൾ :5 മുതൽ 12 വരെ

11.മാനേജ്മന്റ് :കോർപ്പറേറ്റ് മാനേജ്മന്റ്

12.പഠന മാധ്യമം :ഇംഗ്ലീഷ് ,മലയാളം

# ആമുഖം

പൗരസ്ത്യ സുവിശേഷ സമാജം എന്ന ആത്മീയ സംഘടനയുടെ കീഴിൽ മാർ സ്തേഫാനോസ് സഹദയുടെ നാമത്തിൽ ഒരു യു.പി. സ്കൂൾ ആയി 1938 ൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

കൊച്ചി -മധുര നാഷണൽ ഹൈവേയിൽ, വാളകം ഗ്രാമപഞ്ചായത്തിൽ തലയെടുപ്പോട് നിൽക്കുന്ന വൊ ക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പാഠ്യപാഠേതര വിഷയങ്ങളിൽ തനതായ കാഴ്ചപ്പാടോടെ സുവ്യക്തമായ ലക്ഷ്യങ്ങളോടെ മേഖലയിൽ വ്യക്തമായ വൈജ്ഞാനിക അടയാളത്തെ രേഖപ്പെടുത്തി വർത്തിക്കുന്നു.

വർഷങ്ങളായി എസ്എസ്എൽസി പരീക്ഷയിൽ 100 മേനി വിജയം നിലനിർത്തുകയും കലാകായിക മത്സരങ്ങളിൽ ഉന്നതസ്ഥാനം നേടുകയും ചെയ്യുന്നു. റെഡ് ക്രോസ്, സ്കൗട്ട് ആൻഡ് ഗൈഡ്, ലിറ്റിൽ kites എന്നീ യൂണിറ്റുകൾ കുട്ടികളുടെ വ്യക്തിത്വ ചുമതല രംഗത്ത് പരിവർത്തനം നടത്തുകയും സ്വഭാവരൂപീകരണത്തിൽ തനതായ പങ്കു വഹിക്കുകയും ചെയ്യുന്നു.

ഐടി, ലഹരി വിരുദ്ധ, സയൻസ് ക്ലബ്ബുകൾ, വിദ്യാരംഗം കലാസാഹിത്യ വേദി തുടങ്ങിയ വിവിധ ക്ലബ്ബുകൾ ഉത്തരവാദിത്വത്തോടെ നാനാവിധ പരിപാടികളോടെ മുന്നേറുന്നു.

P. T. A എസ്.എം.സി ,സ്റ്റാഫ് കൗൺസിൽ എന്നിവയുടെ പിന്തുണയോടൊപ്പം സ്കൂൾ മാനേജ്മെന്റ് തനത് കാഴ്ചപ്പാടോടെ വേണ്ട പിന്തുണയുമായി കൂടെ നിൽക്കുമ്പോൾ മേഖലയിലെ വിദ്യാഭ്യാസ ശക്തിയായി സ്കൂൾ മാറുന്നു എന്ന് തിരിച്ചറിവ് അഭിമാനത്തോടെ ഞങ്ങൾ പങ്കുവയ്ക്കുന്നു.

ക്രിയാത്മകവും, സമ്പുഷ്ടവുമായ വൈജ്ഞാനിക, ഭൗതിക മേഖലകളിൽ പരിപോഷണത്തിന് ഊന്നൽ നൽകാൻ ഞങ്ങൾ സദാ സന്നദ്ധരാണ്.അതിന് കഴിയും എന്ന് ഉറപ്പോടെ,ഓരോ പ്രവർത്തനത്തോടെയും ഞങ്ങൾ മുന്നോട്ട് പോകുന്നു.

Head master : Reji P Poulose

# അക്കാദമിക മികവ്

മാർ സ്റ്റീഫൻ ഹൈസ്കൂൾ കഴിഞ്ഞ അക്കാദമിക വർഷം പാഠ്യപാഠേതര പ്രവർത്തനങ്ങളിൽ മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. എസ്എസ്എൽസി പരീക്ഷയിൽ 7 വിദ്യാർത്ഥികൾ ഫുൾ എ പ്ലസ് നേടുകയും 3 വിദ്യാർത്ഥികൾ യുഎസ്എസ് മത്സരപരീക്ഷയിൽ വിജയികൾ ആകുകയും ചെയ്തു.

കലാകായിക പ്രവർത്തനങ്ങളിൽ മികച്ച പ്രകടനമാണ് കുട്ടികൾ നടത്തിക്കൊണ്ടിരിക്കുന്നത്. പഠനത്തിൽ പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്കായി സ്പെഷ്യൽ കോച്ചിങ്ങുകൾ നൽകുന്നു. വിവിധ ശാസ്ത്രമേളകളിൽ പങ്കെടുക്കുന്നതിനായി കുട്ടികൾക്ക് പ്രത്യേക പരിശീലനം അധ്യാപകരുടെ നേതൃത്വത്തിൽ നൽകുന്നു.

# ഭൗതികം

പൊതു ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനായി ഓഡിറ്റോറിയവും വിവിധ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള സ്റ്റേജുമുണ്ട്.

കൂടാതെ ഇരുപതോളം  കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുള്ള ഐടി ലാബ്, വിശാലമായ കളിസ്ഥലം, ലൈബ്രറി എന്നിവയുമുണ്ട്.

# *MSVHSS VALAKOM*

## *ACCADAMIC MASTER PLAN* *SUBJECT :malayalam*

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| അക്ഷരജ്യോതി | വായിക്കാൻ അറിയാത്ത കുട്ടികളെ അക്ഷരം അറിയുന്നവരായി മാറ്റി, വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷര കാർഡ് അക്ഷരചിത്രം പദചാർട്ടുകൾ ഉപയോഗിച്ചിട്ടുള്ള വൈവിധ പഠന പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ |
| വായനക്കൂട്ടം | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി സ്കൂൾ ലൈബ്രറി കൗൺസിൽ ഒരുക്കുന്ന വായന കൂട്ടം | വായന കാർഡുകൾ നൽകി ബാക്കി നിർമ്മാണം ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ സ്കൂൾ ലൈബ്രറി നവീകരിക്കൽ വായനോത്സവം സംഘടിപ്പിക്കൽ പത്രവായന പുസ്തക ചർച്ച വായനാനുഭവം പങ്കുവെക്കൽ, വായനക്കുറിപ്പ് പതിപ്പ്, ദിനാചരണം തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങൾ എടുത്ത് ഗ്രൂപ്പിൽ വായന -ചർച്ച- അവതരണം. | ജൂൺ, ജൂലൈ മാസങ്ങളിൽ | അധ്യാപകർ, students |
| എഴുത്തുകൂട്ടം | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തുകൂട്ടം രൂപീകരണം ,പുസ്തക ചർച്ച, വായനക്കുറിപ്പ് ,പതിപ്പ് ,വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ വ്യക്തിഗത രചന സംഘ രചന | ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ. | അധ്യാപകർ, ക്ലബ് അംഗങ്ങൾ. |
| പ്രസംഗ കളരി | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | വിവിധ വിഷയങ്ങൾ നൽകിയ പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്ന പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | ജൂൺ മുതൽ നവംബർ വരെ. | അധ്യാപകർ |
| അറിവ് ഉത്സവം | പൊതുവിജ്ഞാനം | പത്രക്വിസ്, വാരാന്ത്യ പതിപ്പ്, ക്വിസ് | ജൂൺ | അധ്യാപ |

| | | | | |
|---|---|---|---|---|
| | കൈവരിക്കുന്ന പത്രങ്ങൾ ആനു കാലികങ്ങൾ വായിച്ച് അറിവ് നേടുന്നതിന്, ക്വിസ് | തയ്യാറാക്കൽ, എല്ലാ ആഴ്ചയിലും ക്വിസ് മത്സരം നടത്തുന്നു | മുതൽ ഫെബ്രു വരി വരെ | കർ |

# *MSVHSS VALAKOM*

**ACCADAMIC MASTER PLAN** **SUBJECT :ENGLISH**

| AIM | ACTIVITY | TIME | DUTY |
|---|---|---|---|
| To communicate in English confidently | Spoken english class,English library,story time,English assembly | Holidays | P T A,teachers |
| To enhance creativity in English language | Cinema,documentary,role play ,seminar,poem presentation | Class room activity | teachers |
| Equip pupils fo independent reading and writting | Word card,sentence card,picture reading,short story writing ,public speaking,games,news paper reading,my diary | Class room activity | teachers |
| Dramatisatio n | Skit,puppet show ,choreography | Class room activity,s aturday | teachers |
| Equip pupils for poetry writing and recitation. | Audio of poems,competitions,appreciation of poems,interaction with poets,magazine | Twice a year | P T A,teachers |
| Use of ICT in English class | Video clipping of interviews ,film watching | Once a year,vaca tion | ,teachers |
| Interactive sessions | Native speakers | Vacation, saturday | P T A,teachers |

# *Accademic Master Plan - HINDI*

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെല എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • **അക്ഷരം എ** ഴുത്ത് ചിഹ്നം ഉറപ്പിക്കൽ.<br>•<br>• അക്ഷരകാർഡ്,ാക്ക കൾ എഴുതിയ കാർഡ്<br>•class ൽ അക്ഷരമാല പ്രദർശനം.<br>•ഓൺലൈലൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർ ഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ- നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നാക്കാവസ്ഥയിലു ള്ള കുട്ടികളിൽ PRE- TEST ന-ത്തി,മുകളിടെല പ്രവർത്തനങ്ങൾ ന-പ്പിലാക്കാം) | JUNE to AUGUST | **അക്ഷരചാ ർട്ട് പ്ലാറ്റംപുസ്ത കം** | BRC<br>DIET<br>SCERT(**ആവശ്യമെങ്കിൽ**<br>Resource teachers |
| **2** | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.**) | • **വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങ ൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ** തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ- വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ- പങ്കാളിത്തം<br>• ............... | September to October | **ഹിന്ദി നിഘ**ണ്ടു. | PTA,BRC<br>Resource Teacher |

| | | | | | |
|---|---|---|---|---|---|
| **3** | **ആശയങ്ങൾ മെതറ്റുകൂടാമെത** **പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.** **(സുരീലി ഹിന്ദി)** | • **ഹിന്ദി**<br>• **അസം**ബ്ളി ദിനാചരണങ്ങൾ (പ്രന്നത്യകിച്ച് ടെസപ്തംബർ 14, ജനവരി 10)<br>• ക്ലാസ് ലൈലബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായന്നത്താടെ-<br>• ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അ-ിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>വായനമൂല ഹിന്ദികള്ബ്ബ് പ്രവർത്തനങ്ങൾ | November to February. | **പുസ്തകങ്ങൾ** | BRC<br>DIET<br>PTA<br>SCERT |
| | | | | | |

**MSVHSS *VALAKOM***

***Accademic Master Plan - SocialScience***

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക, പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, പൗരബോധം,സാമൂഹ്യബോധം ഇവ വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ, SS അംഗങ്ങൾ |
| ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലം നിർണയം നടത്താൻ പഠിക്കുക | അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കി കൗതുകം ഉണർത്തുന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക, സാമൂഹ്യശാസ്ത്ര മത്സരപരീക്ഷകൾക്ക് തയ്യാറാക്കുക | പ്രശ്നോത്തരി,സംവാദം, ചരിത്ര സിനിമ പ്രദർശനം എന്നീ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ, |
| സാമൂഹ്യശാസ്ത്രത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക | എൻ എം എം എസ് പരീക്ഷയ്ക്ക് വേണ്ടി കുട്ടികൾക്ക് പ്രത്യേക ക്ലാസ് നൽകുക | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പരീക്ഷകളിലെ മികച്ച വിജയം | എസ് എസ് എൽ സി പരീക്ഷയ്ക്ക് സാമൂഹ്യശാസ്ത്രത്തിൽപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ്. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ  - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | പ്രീ ടെസ്റ്റ്, ചോദ്യ നിർമ്മാണം, ടെസ്റ്റ്, മൂല്യനിർണയം<br><br>പഠന പിന്നോക്ക അവസ്ഥയിൽ ഉള്ളവർക്ക് ഒഴിവുസമയം വിനിമയം<br><br>പരിഹാര ബോധത്തിനായി പഠന ഗ്രൂപ്പിങ് | ജൂൺ ജൂലൈ | ശാസ്ത്ര അധ്യാപകർ |
| കൗതുകം ജിജ്ഞാസ നിരീക്ഷണം പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ കുട്ടികളുടെ മുന്നിൽ കാണിക്കുക | എല്ലാമാസവും | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്ര ലോകത്തെക്കുറിച്ച് കൂടുതൽ പരിചയപ്പെടുത്തുക | പുതിയ കണ്ടുപിടുത്തങ്ങളെ കുറിച്ചും ശാസ്ത്രജ്ഞരെ കുറിച്ചും കുള്ള ലിക് ലേഖനങ്ങളും പത്രക്കുറിപ്പുകളും ക്ലാസ് മുറികളിൽ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുക | ആഴ്ചയിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപകർ |
| പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തിയെടുക്കുക | വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ<br><br>സ്കൂൾ പരിസര ശുചീകരിക്കൽ | ജൂൺ ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ശാസ്ത്രത്തിന്റെ അറിവുകളെ അപ്ഡേറ്റ് ചെയ്യാനും ശാസ്ത്രീയ മനോഭാവം ഉള്ളവരാക്കലും | ശാസ്ത്ര ക്ലബ്ബ്<br>സ്കൂൾ ശാസ്ത്രമേള പങ്കെടുക്കൽ<br><br>ശാസ്ത്ര ക്വിസ് മത്സരം<br><br>ക്ലാസ് അസൈമെന്റുകൾ | ജൂൺ<br><br>ആദ്യ ടൈം<br><br>എല്ലാം മാസവും | ശാസ്ത്ര അധ്യാപകർ |
| പാഠഭാഗത്തിലെ ആശയങ്ങളും ധാരണകളും വ്യക്തമായി എന്ന് ഉറപ്പുവരുത്തുക | വീക്കിലി ടെസ്റ്റ്<br><br>മന്ത്ലി ടെസ്റ്റ് | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകർ |
| പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുക | ഒഴിവുസമയം വിനിയോഗിക്കുക<br><br>മുൻകാല ചോദ്യ പേപ്പറുകൾ പരിചയപ്പെടുത്തുക | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകർ |

# *MSVHSS VALAKOM*

## *ACCADAMIC MASTER PLAN*
## *SUBJECT :MATHEMATICS*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും ഗണിതത്തിലെ അടിസ്ഥാനശേഷികൾ നേടിയെന്ന് ഉറപ്പാക്കുക. | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അടിസ്ഥാനശേഷിപ്പിക്കുന്നതിനുള്ള പ്രത്യേകം പദ്ധതികൾ. 5, 6,7, 8,9, 10 ക്ലാസുകളിലെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും കണ്ടെത്താൻ പ്രീ ടെസ്റ്റ്.അടിസ്ഥാന ഗണിത ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിത അധ്യാപകർ |
| ഗണിത വായന സംസ്കാരം കുട്ടികളിൽ വളർത്തുക | ഗണിത ലൈബ്രറി ഒരുക്കൽ<br>. പൊതു ലൈബ്രറിയിലെ ഗണിത പുസ്തകങ്ങൾ പ്രത്യേകമായി ക്രമീകരിക്കൽ. | ജൂൺ, ജൂലൈ മാസങ്ങളിൽ | ഗണിത അധ്യാപകർ, students |
| ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | കുട്ടികളുടെ പങ്കാളിത്തത്തോടെ ഗണിത ലാബിലേക്കുള്ള പഠനോപകരണങ്ങളുടെ നിർമ്മാണ ശില്പശാല. | ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ. | ഗണിത അധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ. |
| ഗണിതത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക . | എൻ എം എം എസ് ,numats പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക. | ജൂൺ മുതൽ നവംബർ വരെ. | ഗണിത അധ്യാപകർ |
| അളവുകളുടെ കൃത്യമായ സംയോജനം | പതാക നിർമ്മാണം. കൃത്യമായി അംശബന്ധത്തിൽ ഇന്ത്യൻ ദേശീയ പതാക കുട്ടികൾ നിർമ്മിക്കുന്നു. | ഓഗസ്റ്റ് | ഗണിത ക്ലബ്ബ് കൺവീനർ |

| | | | |
|---|---|---|---|
| ലളിതത്തിന്റെ സൗന്ദര്യമേഖലയെ സംബന്ധിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. | | | |
| നിറങ്ങളുടെ സംയോജനം അവയുടെ അളവുകളിൽ പാലിക്കേണ്ട കൃത്യത എന്നിവയെ സംബന്ധിച്ച് കുട്ടികളിൽ ധാരണ ഉണ്ടാക്കുക. | ഗണിത പൂക്കളം വ്യത്യസ്തമായ ഡിസൈനുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം. | സെപ്റ്റം ബർ | ഗണിത ക്ലബ്ബ് കൺവീനർ |
| കുട്ടികളുടെ ഗണിത സർഗ്ഗശേഷി വളർത്തുക. താല്പര്യമുണ്ടാക്കുക ഗണിതശാസ്ത്ര മത്സരങ്ങൾക്ക് കുട്ടികളെ ഒരുക്കുക. | ഗണിത മാഗസിൻ, ഗണിതശാസ്ത്രപ്രദർശനം, ഗണിത സെമിനാർ, മേളകൾക്കായി കുട്ടികളെ ഒരിക്കൽ. | ഒക്ടോബർ, നവംബർ മാസം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് കൺവീനർ |
| രാമാനുജനെ അറിയുക. | രാമാനുജൻ ദിനാഘോഷം. രാമാനുജന്റെ ജീവിതം ലളിതത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ ഇന്ത്യൻ ഗണിതം എന്നിവയെ  അറിയുന്നു. | December 22 | ഗണിത ക്ലബ്ബ് കൺവീനർ |
| ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | ഗണിതത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക ഗണിത ക്ലാസുകൾ. പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസുകളും സംശയനിവാരണവും. | | സബ്ജക്റ്റ് കൗൺസിൽ കൺവീനർ. |
| മത്സര പരീക്ഷകളിലെ മികച്ച വിജയം. | എസ്എസ്എൽസി പരീക്ഷയ്ക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക ക്ലാസുകൾ തയ്യാറാക്കുക. ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ. | ജനുവരി, ഫെബ്രുവര ി, മാർച്ച് മാസം | ഗണിത അധ്യാപകർ |
| | | | |

# *MSVHSS VALAKOM*

## *ACCADAMIC MASTER PLAN* *SUBJECT :IT*

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ഐസിടി സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ |
| | ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനമാക്കുന്നതിനൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ | സൈബർ ദുരുപയോഗങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണം മാറിമാറി വരുന്ന സാങ്കേതികവിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ,ലിറ്റിൽ കൈറ്റ് സംഘങ്ങൾ |

| | | | | |
|---|---|---|---|---|
| | ബോധവൽക്കരിക്കുക. | | | |
| | സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായ ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ,ലിറ്റിൽ കൈറ്റ് സംഘങ്ങൾ |

# Master Plan – ART
# Year 2025

**1.**ഓരോ കുട്ടികളുടെയും കഴിവുകൾ മനസിലാക്കി അവരുടെ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് തയാറാക്കുന്നു. (കലാപരമായ പരിചയപ്പെടൽ)

**2.** നേരത്തെ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുസരിച്ച് ലഭിച്ച പാട്ടുകാരെ ഉപയോജിച്ച് , ലഹരി വിരുദ്ധ ദിനത്തിൽ "ലഹരിക്കെതിരെ" ഒരു വീഡിയോ ആൽബം തയാറാക്കുന്നു.
ഡാൻസ് ചെയ്യുവാൻ നല്ല കഴിവുള്ളവരെ ഉപയോഗപ്പെടുത്തി അതിനായി നൃത്ത ചുവടുകൾ ഒരുക്കുന്നു.
ചിത്രം വരാക്കുവാൻ കഴിവുള്ളവരെ, ആൽബത്തിന്റെ ART Direction ജോലികൾ ഏൽപ്പിക്കുന്നു.
നേതൃപാടവമുള്ളവരെ ഈ പ്രോഗ്രാമിന്റെ നടത്തിപ്പ് ഏൽപ്പിയ്ക്കുന്നു.
**അങ്ങനെ ലഹരി വിരുദ്ധ ദിനത്തിൽ Anti Drug Song - Music Album**

**3.** ഇൻഡിപെൻഡൻസ് ഡേ യുമായി ബന്ധപ്പെട്ട് കുട്ടികളിൽ ദേശബോധം വളർത്തുവാൻ ഉതകുന്ന ഒരു ഓഡിയോ വിഷ്വൽ ആൽബം തയാറാക്കുന്നു.
നേരത്തെ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുസരിച്ച് ലഭിച്ച കലാകാരന്മാരെയും കലാകാരികളെയും അതിനായി ഉപയോഗപ്പെടുത്തി സ്കൂളിലെ camera യിൽ ആൽബം ചിത്രീകരിക്കുന്നു.

**4.** യുവജനോത്സവങ്ങൾക്കും പ്രവർത്തിപരിചയ മേളകൾക്കും കുട്ടികളെ സജ്ജമാക്കുന്നു.

**5.** കുട്ടികൾ പാടി അഭിനയിക്കുന്ന ഒരു **ക്രിസ്തുമസ് സംഗീത ആൽബം** നിർമ്മിക്കുന്നു.

## ഉപസംഹാരം

വാളകം മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനവുമായി ബന്ധപ്പെട്ട കൃത്യമായി ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന് വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.